# ആമുഖം

1982 ൽ എം. എ. കഴിഞ്ഞപ്പോൾ തന്നെ പിഎച്. ഡി. ക്കായുള്ള ഗവേഷണത്തിന് ഗൈഡിനെ കണ്ടെത്തി. ഔപചാരികമായി ഗവേഷണം തുടങ്ങുന്നത് 1987-ൽ മാത്രം. ഗവേഷണപ്രബന്ധം പൂർത്തിയാകുന്നത് 2002-ലും. ഇത്രയുംകാലം എന്റെ ഗവേഷണതാത്പര്യം നിലനിർത്താൻ ക്ഷമ കാണിച്ച ഡോ. ദേശമംഗലം രാമകൃഷ്ണന് നിറഞ്ഞ നന്ദി. ഈ ഗവേഷണപ്രബന്ധത്തിന്റെ രചനയിൽ, സന്ദർഭാനുസരണം നിർദ്ദേശങ്ങൾ നല്കുകയും വേണ്ട തിരുത്തലുകൾ വരുത്തുകയും ചെയ്ത്, ഇപ്രകാരം രൂപപ്പെടുത്താൻ ഏറ്റവുമധികം സഹായിച്ചത് അദ്ദേഹമാണ്. ഒരിക്കൽകൂടി നന്ദി.

കോളജിൽ ചേർന്നു പഠിക്കേണ്ട കാലത്ത് സ്കൂളിൽ പഠിപ്പിക്കാൻ വിധിക്കപ്പെട്ട്, സ്വകാര്യപഠനം വരിച്ചതുകൊണ്ടാവാം, ഔപചാരിക പഠനത്തിന്റെ അവസാനവേളയിൽ കേരളാ യൂണിവേഴ്സിറ്റി മലയാളവിഭാഗത്തിലെ മുഴുവൻസമയ ഗവേഷണവിദ്യാർത്ഥിയായിത്തീരേണ്ടിവന്നത്. അതിനവസരമൊരുക്കിയത് യു.ജി.സി.യുടെ 'ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാ'മാണ്.

ഗവേഷണത്തിനാവശ്യമായ സൗകര്യങ്ങൾ നല്കിയ ഡോ. കെ. രാമചന്ദ്രൻ നായർ, ഡോ. എൻ. ആർ. ഗോപിനാഥപിള്ള, ഡോ. ഡി. ബഞ്ചമിൻ, പി. രാമൻ മുതലായവർക്കും മറ്റദ്ധ്യാപകർക്കും ഇതരജീവനക്കാർക്കും സെമിനാർ പേപ്പറുകളിൽ ആത്മവിശ്വാസം പകർന്നുതന്ന വിദ്യാർത്ഥികൾക്കും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുതന്ന കെ.എൻ. വിശ്വനാഥൻ നായർ (എൻ. എസ്.എസ്. ഹിന്ദുകോളജ്, ചങ്ങനാശ്ശേരി), കെ. എ. എ. അസീസ് (ഇക്ബാൽ കോളജ്, പെരിങ്ങമ്മല) എന്നീ 'സഹപാഠി'കൾക്കും നന്ദി. മലയാളവിഭാഗത്തിലെ കുമാരി, ജോസ് എന്നീ ലൈബ്രേറിയന്മാർക്കു പുറമെ, യൂനിവേഴ്സിറ്റി ലൈബ്രേറിയിലെ പി. ജി. അശോകൻ, ഡോ. ആർ. രഘുനാഥൻ, അജികുമാരി എന്നിവർക്കും തിരുവനന്തപുരം പബ്ലിക് ലൈബ്രേറി, ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കണ്ണൂർ യൂനിവേഴ്സിറ്റി ലൈബ്രേറി തുടങ്ങിയ

സ്ഥാപനങ്ങളിലെ ലൈബ്രേറിയന്മാർക്കും അന്താരാഷ്ട്രകേരളപഠനകേന്ദ്ര ത്തിലെ അംഗങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുന്നു.

എം. എ. കഴിഞ്ഞ കാലത്തു തന്നെ, ഗവേഷണത്തിലേക്കു തിരി യാൻ പ്രേരിപ്പിച്ചതും വിഷയം നിർദ്ദേശിച്ചതും രൂപരേഖ തയ്യാറാക്കാൻ സഹായിച്ചതും കഥാകൃത്തും ഗുരുനാഥനും സുഹൃത്തുമായ എൻ. പ്രഭാക രനാണ്; നിർദ്ദേശങ്ങൾ നല്കിയത് പ്രൊഫ. എം. എൻ. വിജയനും. ഗവേ ഷണമനോഭാവം വളർത്തിയത് ഡോ. തോന്നയ്ക്കൽ വാസുദേവൻ, സി. പി. ഹരീന്ദ്രൻ എന്നിവരാണ്. കൃതജ്ഞതയോടെ ഇവരെ ഓർക്കുന്നു.

ഈ പ്രബന്ധത്തിൽ ഡാർവിന്റെ പരിണാമസിദ്ധാന്തവുമായി ബന്ധ പ്പെടുന്ന ഒരു നിഗമനം അവതരിപ്പിക്കുന്നുണ്ട്. അതിന് ഞാൻ സ്വീകരിച്ച യുക്തി പരിശോധിച്ച്, നിർദ്ദേശം നല്കിയ കണ്ണൂർ എസ്.എൻ. കോളജ് ജന്തുശാസ്ത്രവിഭാഗം അദ്ധ്യക്ഷൻ ഡോ. ജി. അനിൽകുമാറിനും കൃതജ്ഞത യർപ്പിക്കുന്നു.

സംസ്ഥാനബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ടിലെ മുൻ ഡയറക്ടർ സി. ജി. ശാന്തകുമാർ, ഇപ്പോഴത്തെ ഡയറക്ടർ പാലാ കെ.എം. മാത്യു, ഡോ. ബാലശങ്കർ, ബീനാജോർജ്, മോഹനകുമാരി, ഡോ. ഭാഗ്യലക്ഷ്മി എന്നിവ രുടെ സഹകരണത്തിനും നന്ദി. ഒരു ദശകത്തോളം അയ്യല്ലൂർ എൽ. പി. സ്കൂളിൽ അദ്ധ്യാപകനായിരുന്നപ്പോൾ കുട്ടികളുമായി ഇടപഴകാൻ സാധിച്ചു. കുട്ടികളുടെ ചലനങ്ങൾ അടുത്തറിയാൻ എന്റെ കുട്ടികളായ അതുൽ, അമൽ എന്നിവർ പ്രേരകമായിരുന്നു. അവരോടും ഗവേഷണപ്ര വർത്തനങ്ങളിൽ ക്ഷമാപൂർവ്വം സഹകരിച്ച എന്റെ ശ്രീമതി വി. എൻ. സുജ യയോടും അളവറ്റ കടപ്പാടുണ്ട്. പ്രബന്ധം ഡി. റ്റി. പി. ചെയ്തു രൂപപ്പെ ടുത്തിയ അമ്പലത്തിൻകര മധുരിമ സോഫ്ടെക് പ്രവർത്തകർക്കും നന്ദി.

മാതാപിതാക്കളെയും ഗുരുജനങ്ങളെയും സ്മരിച്ചുകൊണ്ട് ഈ ഗവേഷണപ്രബന്ധം സമർപ്പിക്കുന്നു.

**പ്രഭാകരൻ രയരോത്ത് കുന്നുമ്മൽ**

**(പ്രഭാകരൻ പഴശ്ശി)**